**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 1768**

**14.07.2016 ൽ മറുപടിയ്ക്ക്**

ആലപ്പുഴ വട്ടകായലിലെ ഹൗസ് ബോട്ട് ടെർമിനൽ നിർമ്മാണം

**ചോദ്യം**

ശ്രീ.തോമസ് ചാണ്ടി :

[എ] ആലപ്പുഴ ടൂറിസം സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെട്ട വട്ടകായലിലെ ഹൗസ് ബോട്ട് ടെർമിനൽ നിർമ്മാണം എത്രത്തോളം പൂർത്തീകരിച്ചുവെന്നും ബാക്കി നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ചും വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ?

**ഉത്തരം**

**ശ്രീ.എ.സി.മൊയ്തീൻ**

**[സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി]**

[എ] ആലപ്പുഴ ടൂറിസം സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെട്ട ഹൗസ് ബോട്ട് ടെർമിനൽ (നൈറ്റ് ഹാൾട്ടിംഗ് സെന്റർ വട്ടക്കായൽ വെസ്റ്റ്) എന്ന പദ്ധതിക്ക് 12,25,25,000/- രൂപ നീക്കി വച്ചിരിക്കുന്നു. കേരള സർക്കാർ സംരംഭമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേന ടൂറിസം വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ചെയ്തു വരുന്ന പദ്ധതിയിൽ - ഹൗസ് ബോട്ടുകൾ പാർക്ക് ചെയ്യുന്നതിനുള്ള ജെട്ടികൾ, എ. ടി. എം. കൗണ്ടർ, കടമുറികൾ അഡ് മിനിസ്ട്രേറ്റീവ് ബ്ലോക്ക്, റെയിൻ ഷെൽട്ടർ, പോലീസ് എയ്ഡ് പോസ്റ്റ്, ടിക്കറ്റ് കൗണ്ടർ, ലൈഫ് ഗാർഡ് കൗണ്ടർ എന്നിവയുടെ നിർമ്മാണ ജോലികൾ അന്തിമ ഘട്ടത്തിലാണ്. ടോയലറ്റ് ബ്ലോക്ക്, ആംഫി തീയേറ്റർ, ഗ്യാലറി, വൈദ്യുതീകരണം, യാർഡ് ലൈറ്റിംഗ് എന്നിവയുടെ ജോലികൾ നടന്നുകൊണ്ടിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ